പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.384. 08.02.2016 ൽ മറുപടിയ്ക്ക്.

**അന്യസംസ്ഥാന വാഹനങ്ങളുടെ ട്രാഫിക് ലംഘനം**

| ചോദ്യം<br>ശ്രീ. പി.ബി. അബ്ദുൾ റസാക് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഓടുന്ന അന്യസംസ്ഥാന രജിസ്ട്രേഷനുള്ള വാഹനങ്ങൾ ട്രാഫിക് ലംഘനം നടത്തിയാൽ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം; | (എ) | ട്രാഫിക് നിയമ ലംഘനം നടത്തിയാൽ നിലവിലുള്ള മോട്ടോർവാഹന നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് പിഴ ഈടാക്കുകയോ, ഷോർട്ട് ടൈം ടാക്സ് ഈടാക്കുകയോ, ചെക്ക് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട സംസ്ഥാനത്തെ രജിസ്റ്ററിംഗ് അതോറിറ്റിക്ക് അയച്ചു കൊടുക്കുകയോ ചെയ്യാറുണ്ട്. ആവശ്യമെങ്കിൽ വാഹനം പിടിച്ചെടുക്കാറുമുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള ലംഘനങ്ങൾ നടത്തുന്ന വാഹന ഉടമകൾക്കെതിരെ കഴിഞ്ഞ 5 കൊല്ലം എന്ത് തുക പിഴ ഈടാക്കി; | (ബി) | കഴിഞ്ഞ 5 കൊല്ലം കൊണ്ട് 2,71,08,541 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരക്കാർ നടത്തുന്ന ട്രാഫിക് ലംഘനങ്ങൾ പലപ്പോഴും ഉദ്യോഗസ്ഥരുടെ ബോധപൂർവ്വമായ ഇടപെടൽ മൂലം നടപടി ഒഴിവാക്കലിന് വിധേയമാകുന്നത് സംബന്ധിച്ച് അഭിപ്രായം അറിയിക്കുമോ? | (സി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.